**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **31-08-2022 - ൽ മറുപടിയ്ക്ക്**

**നാണ്യവിള കർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, കോഫി പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, സ്പൈസസ് പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, റ്റീ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ എന്നീ കരട് ബില്ലുകൾ നാണ്യവിള കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, സ്പൈസസ് പ്രൊമോഷൻ ആൻഡ് ഡെവലപ്പ്മെന്റ് ബിൽ, കോഫീ പ്രൊമോഷൻ ആന്റ് ഡെവലപ്പ്മെന്റ് ബിൽ എന്നിവ സർക്കാർ വിശദമായി പരിശോധിക്കുകയും ബില്ലിലെ ഉള്ളടക്കത്തെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കരട് നിയമങ്ങൾ പരിശോധനാ വിധേയമാക്കിയിരുന്നോ; എങ്കിൽ സംസ്ഥാനത്തെ കർഷകരുടെ താല്പര്യങ്ങൾ ഹനിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ബിൽ, സ്പൈസസ് പ്രൊമോഷൻ ആൻഡ് ഡെവലപ്പ്മെന്റ് ബിൽ, കോഫീ പ്രൊമോഷൻ ആന്റ് ഡെവലപ്പ്മെന്റ് ബിൽ എന്നിവ സർക്കാർ വിശദമായി പരിശോധിക്കുകയും ബില്ലിലെ ഉള്ളടക്കത്തെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നാണ്യവിളകൾക്ക് തറവില പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ കർഷക വിരുദ്ധ നടപടികൾ മൂലം പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന സഹായത്തെക്കുറിച്ച് അറിയിക്കാമോ; | (ഡി) | കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം. സംസ്ഥാന സർക്കാർ 2015-16 മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. ധനകാര്യ വകുപ്പും, റബ്ബർബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും, |

| | | | |
|---|---|---|---|
| | | | റബ്ബർബോർഡ് അതാത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ് സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്.<br><br>വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത റബ്ബറിന് കൃഷിനാശമുണ്ടായാൽ ടാപ്പ് ചെയ്യുന്ന മരം ഒന്നിന് 1000 രൂപ, ടാപ്പ് ചെയ്യാത്ത മരം ഒന്നിന് 600 രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരമായി നൽകുന്നു. അതുപോലെ തന്നെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി (Contingency Programme to meet natural calamities and pest and disease endemic) പ്രകാരം കൃഷിനാശമുണ്ടായാൽ റബ്ബറിന് ടാപ്പ് ചെയ്യുന്ന മരം ഒന്നിന് 300 രൂപ, ടാപ്പ് ചെയ്യാത്ത മരം ഒന്നിന് 200 രൂപ എന്നിങ്ങനെ ദുരിതാശ്വാസമായി ലഭിക്കുന്നു. |
| (ഇ) | മൂല്യ വർദ്ധിതോല്പന്നങ്ങളുടെ നിർമാണത്തിനായുള്ള പദ്ധതിയെ കുറിച്ച് വിശദമാക്കുമോ? | (ഇ) | എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യ വർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി. എസ്.എഫ്.എ.സി. മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി 2022-23 വർഷത്തിൽ 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി. യ്ക്കായി വകയിരുത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു. 2021 - 2022 സാമ്പത്തിക വർഷത്തിൽ 17 സംരംഭകർക്ക് 24774519/- രൂപയാണ് സബ്സിഡി ആയി എസ്. എഫ്. എ. സി. വഴി പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുള്ളത്.<br><br>റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യ വർദ്ധിത |

ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുവാനായി GO(MS) No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് (KRL) എന്ന കമ്പനി സ്ഥാപിക്കുന്നതിന് 02/02/2019-ന് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി രൂപീകൃതമാകുന്ന കൃഷിക്കൂട്ടങ്ങളുടെ നിശ്ചിത ശതമാനം മൂല്യവർദ്ധനവ് മേഖലയിൽ ആകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ഉൽപ്പാദന മേഖലയിൽ ഉണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനായി പ്രാദേശിക തലത്തിൽ കൃഷിക്കൂട്ടങ്ങൾ സജ്ജമായിക്കൊണ്ടിരിക്കുന്നു. ഇവ പൂർണ്ണ തോതിൽ സജ്ജമാകുന്നതോടെ മൂല്യ വർദ്ധന മേഖലയിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൃഷി വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ മൂല്യവർദ്ധിത യൂണീറ്റുകൾ തുടങ്ങുന്നതിനായി 3 യൂണീറ്റുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 39.28 ലക്ഷം രൂപയും 4 യൂണിറ്റുകൾക്കായി മറ്റു സ്ഥാപനങ്ങൾ വഴി 40.82 ലക്ഷം രൂപയും എന്നിങ്ങനെ ആകെ 80.10 ലക്ഷം രൂപ അനുവദിച്ചു. ഇത് കൂടാതെ 105 വ്യക്തിഗത മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുന്നതിനായി 82.82 ലക്ഷം രൂപയും നൽകുകയുണ്ടായി. നടപ്പു സാമ്പത്തിക വർഷത്തിൽ (2022-23) മൂല്യ വർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിനു പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കായി 200 ലക്ഷം രൂപയും, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കുടുംബശ്രീ, എഫ്.പി.ഓ കൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും, കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, കാർഷികകർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയ്ക്ക് 140 ലക്ഷം രൂപയും ആകെ 480 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

FPO കൾ വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, ആയതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ കാർഷിക ഉല്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളിൽ എഫ്.പി.ഒ കളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിലവിലുള്ള എഫ്.പി.ഒ കളെ എസ്.എഫ്.എ.സി മുഖേന നവീകരിക്കുന്നതിന് 400.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | അതുപോലെ വി.എഫ്.പി.സി.കെ യുടെ കീഴിൽ ആരംഭിച്ച എഫ്.പി.ഒ കളെ സഹായിക്കുന്നതിനായി വി.എഫ്.പി.സി.കെ യ്ക്ക് 300.00 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ